പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 128 04.12. 2015- ലെ മറുപടി

**തടവിലാക്കപ്പെട്ട മലയാളികളെ രക്ഷപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.ഉബൈദുള്ള : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ മാത്രം 11500 ഇൻഡ്യക്കാർ ജയിലുകളിൽ കഴിയുന്നതായ കേന്ദ്രസർക്കാരിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി)എങ്കിൽ ഇവരിൽ എത്രപേർ മലയാളികളാണെന്നും അവരുടെ പേരിൽ ഗുരുതരമല്ലാത്ത കുറ്റങ്ങൾ ചുമത്തപ്പെട്ടവർ എത്ര പേരുണ്ടെന്നും സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ; | എ & ബി) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ഇന്ത്യക്കാർ ജയിലുകളിൽ കഴിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട വിദേശരാജ്യങ്ങളിലെ സർക്കാരോ, ഇന്ത്യൻ എംബസ്സിയോ ഇത് സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടില്ല. |
| സി)മറ്റു രാജ്യങ്ങളിൽ മലയാളികൾ തടവിലാക്കപ്പെട്ടിട്ടുണ്ടോ എന്നത് കൂടി അന്വേഷിക്കുകയും തടവിലാക്കപ്പെട്ട നിരപരാധികളെ രക്ഷപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ? | സി) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാറില്ല. ജയിലുകളിൽ കഴിയുന്ന പ്രവാസി കേരളീയരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനു പുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ |

കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന മലയാളികളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി നിയമ സഹായമാവശ്യമായ വ്യക്തി, അവരുടെ കുടുംബാംഗങ്ങൾ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, ഇടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലെ എംബസികൾക്കും കേസുകൾ റഫർ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ